# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 3

# വാർത്താക്കുറിപ്പ്

CORRECTED FILE. CORRECTION IN RED COLOUR

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (നാലുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം 2018 അഡ്മിഷൻ റഗുലർ/2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 24 മുതൽ നടക്കും. പിഴയില്ലാതെ ഫെബ്രുവരി ഏഴുവരെയും 525 രൂപ പിഴയോടെ 10 വരെയും 1050 രൂപ സൂപ്പർഫൈനോടെ 11 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/162/2020)

രണ്ടാം സെമസ്റ്റർ ബി.പി.ഇ.എസ്. (നാലുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം 2017 അഡ്മിഷൻ റഗുലർ/2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച് നാലുമുതൽ നടക്കും. പിഴയില്ലാതെ ഫെബ്രുവരി ഏഴുവരെയും 525 രൂപ പിഴയോടെ 10 വരെയും 1050 രൂപ സൂപ്പർഫൈനോടെ 11 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/163/2020)

എം.എസ്‌സി. (ബയോസയൻസ്) പഴയ സ്‌കീം (2012ന് മുമ്പുള്ള അഡ്മിഷൻ) സ്‌പെഷൽ മേഴ്‌സി ചാൻസ് (അദാലത്ത് - സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) പരീക്ഷകൾ ഫെബ്രുവരി 19 മുതൽ നടക്കും.

(പി.ആർ.ഒ/39/164/2020)

## എം.സി.എ. പരീക്ഷയ്ക്ക് ഇന്നുവരെ (ഫെബ്രുവരി 4) അപേക്ഷിക്കാം

ഫെബ്രുവരി ഏഴുമുതൽ നടക്കുന്ന ഒന്നാം സെമസ്റ്റർ എം.സി.എ. പരീക്ഷയ്ക്ക് റഗുലർ വിദ്യാർഥികൾക്ക് ഇന്നുകൂടി (ഫെബ്രുവരി 4) സർവകലാശാല പോർട്ടൽ വഴി അപേക്ഷിക്കാം.

(പി.ആർ.ഒ/39/165/2020)

## അന്തിമ റാങ്ക് പട്ടിക

2019 ജൂണിൽ നടന്ന അവസാന വർഷ ബി.ഫാം പരീക്ഷയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. ചെറുവാണ്ടൂർ ഡി.പി.എസിലെ സ്റ്റീവ സണ്ണി, ആദിത്യ സുരേന്ദ്രൻ, പി. അമൃത രാജ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.

(പി.ആർ.ഒ/39/166/2020)

## പരീക്ഷഫലം

2019 ഒക്‌ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ, ബി.സി.എ., ബി.ബി.എം, ബി.എസ്.ഡബ്ല്യു., ബി.ടി.ടി.എം., ബി.എഫ്.ടി. സി.ബി.സി.എസ്. (മോഡൽ 3 - 2017 അഡ്മിഷൻ റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 17 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/167/2020)

2019 ജൂണിൽ സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. കെമിസ്ട്രി (ഇൻ ഓർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/168/2020)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.കോം. (റഗുലർ/ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/169/2020)

## നെടുങ്കണ്ടത്ത് എം.ജി. സർവകലാശാല പ്രാദേശിക കേന്ദ്രം ഉദ്ഘാടനം ഫെബ്രുവരി 17ന്; സ്വാഗതസംഘമായി

**(ഇടുക്കി എഡിഷനിൽ കൊടുക്കണമെന്ന് അഭ്യർഥിക്കുന്നു)**

നെടുങ്കണ്ടത്ത് ആരംഭിക്കുന്ന മഹാത്മാ ഗാന്ധി സർവകലാശാല ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്ടേം പ്രോഗ്രാംസിന്റെ (ഡി.എ.എസ്.പി.) പ്രാദേശിക കേന്ദ്രത്തിന്റെ ഉദ്ഘാടനം ഫെബ്രുവരി 17ന് നടക്കും. ബി.എഡ്. കേന്ദ്രത്തോട് ചേർന്ന് നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിടത്തിലാണ് പ്രാദേശിക കേന്ദ്രം തുടങ്ങുക. രാവിലെ 11ന് വൈദ്യുതിവകുപ്പ് മന്ത്രി എം.എം. മണി ഉദ്ഘാടനം നിർവഹിക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പങ്കെടുക്കും. ഉദ്ഘാടനത്തോടനുബന്ധിച്ച് 101 അംഗ സ്വാഗതസംഘം രൂപീകരിച്ചു. നെടുങ്കണ്ടം ബി.എഡ്. സെന്ററിൽ നടന്ന സ്വാഗതസംഘ രൂപീകരണ യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ജ്ഞാനസുന്ദരം അധ്യക്ഷത വഹിച്ചു. സർവകലാശാല സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡി.എ.എസ്.പി. ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, എം. സുകുമാരൻ, ശ്രീമന്ദിരം ശശികുമാർ, ടി.എം. ജോൺ, എം.എൻ. ഗോപി, തോമസ് തെക്കേൽ എന്നിവർ പ്രസംഗിച്ചു. എസ്. ജ്ഞാനസുന്ദരം ചെയർമാനും പി.എൻ. വിജയൻ ജനറൽ കൺവീനറും രാജീവ് പുലിയൂർ കൺവീനറുമായാണ് സ്വാഗതസംഘം രൂപീകരിച്ചത്.

ഡി.എ.എസ്.പി. പ്രാദേശിക കേന്ദ്രത്തിൽ ഫോറെസ്റ്റ് മാനേജ്മെന്റിൽ പി.ജി. സർട്ടിഫിക്കറ്റ് കോഴ്സും എന്റർപ്രണർഷിപ്പ് മാനേജ്മെന്റ്, ഇവന്റ് മാനേജ്മെന്റ്, സൈബർ നിയമം, ഫിലിം-കൾച്ചർ-സൊസൈറ്റി, വാട്ടർ ഹാർവെസ്റ്റിംഗ് ആന്റ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സർട്ടിഫിക്കറ്റ് കോഴ്സും നടത്തും.

ജൂലൈയോടെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡേറ്റാ ബിസിനസ് അനലെറ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവയിൽ പി.ജി. ഡിപ്ലോമ കോഴ്സുകളും കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആന്റ് ടാക്സേഷനിൽ ഡിപ്ലോമ കോഴ്സും ബിസിനസ് ഡേറ്റാ അനാലിസിസ് (ടാലി, എം.എസ്. എക്സൽ) സർട്ടിഫിക്കറ്റ് കോഴ്സും ആരംഭിക്കും.

ഇതോടനുബന്ധിച്ച് സേവനകേന്ദ്രവും ആരംഭിക്കും. വിദ്യാർഥികൾക്ക് ഫീസടയ്ക്കാനും അപേക്ഷകൾ നൽകാനും സൗകര്യമൊരുക്കുന്നതിനൊപ്പം സർവകലാശാല വിവരങ്ങളും അറിയിപ്പുകളും ഇവിടെ ലഭ്യമാകും.

(പി.ആർ.ഒ/39/170/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്; അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിലെ ഒഴിവുകൾ നികത്തുന്നതിന് വിവിധ നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ/39/171/2020)

## കേരള ശാസ്ത്ര കോൺഗ്രസ്; എം.ജി.യിലെ വിദ്യാർഥികൾക്ക് പുരസ്കാരം

കേരള ശാസ്ത്ര കോൺഗ്രസിൽ മികച്ച പോസ്റ്റർ അവതരണത്തിനുള്ള പുരസ്കാരം മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിദ്യാർഥികൾക്ക്. അഗ്രികൾച്ചറൽ-ഫുഡ് സയൻസ് വിഭാഗത്തിൽ സ്കൂൾ ഓഫ് ബയോസയൻസസിലെ എ.ആർ. നയനയ്ക്കും കെമിക്കൽ സയൻസസ് വിഭാഗത്തിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ നീനാമോൾ ജോണിനും എൻജിനീയറിംഗ് ടെക്നോളജി വിഭാഗത്തിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ ഗവേഷക വിദ്യാർഥി കെ.പി. ജിബിനുമാണ് പുരസ്കാരം ലഭിച്ചത്.

## ഫോട്ടോ ക്യാപ്ഷൻ

**കേരള ശാസ്ത്ര കോൺഗ്രസിൽ മികച്ച പോസ്റ്റർ അവതരണത്തിനുള്ള പുരസ്കാരം ലഭിച്ച മഹാത്മാ ഗാന്ധി സർവകലാശാല വിദ്യാർഥികളായ എ.ആർ. നയന (സ്കൂൾ ഓഫ് ബയോസയൻസസ്), നീനാമോൾ ജോൺ, കെ.പി. ജിബിൻ (ഇരുവരും സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്)**

(പി.ആർ.ഒ/39/172/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ